(എ) കോഴിക്കോട് നഗരത്തിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വിശദമാക്കുമോ ;

(ബി) തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇതിനു പരിഹാരം കാണുന്നതിനായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിൽ ക്വട്ടേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനിടയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് സിറ്റിയിൽ തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകൾ റിപ്പോർട്ടാകുന്ന മുറയ്ക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, പോലീസ് പട്രോളിംഗ്, ജനമൈത്രി പോലീസ് പദ്ധതി എന്നിവയിലൂടെ പോലീസ് സാന്നിദ്ധ്യം നഗരത്തിൽ ശക്തമായി നടപ്പിലാക്കിയിട്ടുണ്ട്.

ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട കണക്കുകൾ

241 (242) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കാനായി സർക്കാർ നടപ്പാക്കിയ ഓപ്പറേഷൻ കുബേര പ്രകാരം നാളിതുവരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ പിടികൂടിയെന്നും എത്രപേരെ പിടികൂടുവാനുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ടുള്ള വിവിധ റെയ്ഡുകളിൽ എത്ര ഇക നാളിതുവരെ പോലീസ് പിടിച്ചെടുത്തുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട വിവിധ റെയ്ഡുകളിൽ പിടിച്ചെടുക്കപ്പെട്ട രേഖകളിൽ കൊള്ളപ്പലിശക്കാരുടെ പക്കൽനിന്നും പിടിച്ചെടുത്ത ചെക്കുകളും ആധാരങ്ങളും യഥാർത്ഥ അവകാശികൾക്ക് നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ നടത്തിയ അന്വേഷണത്തിൽ കൊള്ളപ്പലിശക്കാരെ സഹായിക്കാനായി പ്രവർത്തനം നടത്തിയതായി കണ്ടെത്തിയതും പണമിടപാട് സംബന്ധിച്ച പരാതികൾ നേരിടുന്നതുമായ പോലീസ് ഉദ്യോഗസ്ഥർ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാമെന്നത് സംബന്ധിച്ച വകപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളും ഇകയും മറ്റുവിവരങ്ങളും ജില്ല തിരിച്ച് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(സി) പിടിച്ചെടുത്ത രേഖകളും മറ്റും ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു. ഇവ തിരികെ അവകാശികൾക്ക് ലഭിക്കുന്നത് കോടതിയിലുള്ള കേസുകളുടെ തീർപ്പുകൾക്ക് അനുസരിച്ചാണ്.

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ നടത്തിയ അന്വേഷണത്തിൽ കൊള്ളപ്പലിശക്കാരെ സഹായിക്കുന്നതായി കണ്ടെത്തിയതും പണമിടപാട് സംബന്ധിച്ച് പരാതികൾ നേരിടുന്നതായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരവും മറ്റ് സർക്കാർ ഉദ്യോഗസ്ഥരുടെ വകുപ്പ് തിരിച്ചുള്ള വിശദാംശവും ഇതോടൊപ്പം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ വകുപ്പുതല ശിക്ഷാ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ശിപാർശ നൽകുകയും ചെയ്തുവരുന്നു.

ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന സ്കൂൾ കുട്ടികൾ

242 (243) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് എത്ര അദ്ധ്യാപകരുടെ പേരിലാണ് കേസെടുത്തിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര കുട്ടികളാണ് അദ്ധ്യാപകരുടെ പീഡനത്തിന് ഇരയായിട്ടുള്ളത് ;

(സി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കേസ് എടുത്ത് അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ഇ) കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly